അവലോകനയോഗം എന്നീ സംവിധാനങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിലെ കഴക്കൂട്ടം-തൈക്കോട്-അട്ടർ 80 കി.മീ. റോഡ് 'ഒരു മോഡൽ സേഫ്റ്റി കോറിഡോർ' ആക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മാതൃക മറ്റ് റോഡ് വികസന പദ്ധതികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

## ഹെവി മെയിന്റനൻസ് പദ്ധതി

**207 (5292)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെവി മെയിന്റനൻസ് പദ്ധതി ഇനി എത്ര കിലോമീറ്റർ സംസ്ഥാന പാതകളിൽ നടപ്പിലാക്കാനുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഹെവി മെയിന്റനൻസ് പദ്ധതി 1277.43 കി.മീറ്റർ സംസ്ഥാന പാതകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ദക്ഷിണ മേഖലയിൽ 117.22 കിലോമീറ്ററും മദ്ധ്യമേഖലയിൽ 988.43 കിലോമീറ്ററും ഉത്തരമേഖലയിൽ 171.78 കിലോമീറ്ററും ഇതിൽ ഉൾപ്പെടുന്നു.

(ബി) കോട്ടയം ജില്ലയിൽ 13-3-2016-ലും, പാലക്കാട് - പെരിന്തൽമണ്ണ റോഡ് കി.മീ.12/000 മുതൽ 22/000, 35/600 മുതൽ 41/000 വരെയുള്ള ഭാഗത്തുള്ള പ്രവൃത്തികൾ 30-4-2016-ലും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് യഥാസമയം നീക്കം ചെയ്യാൻ നടപടി

**208 (5293)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ പ്രവൃത്തി പൂർത്തിയായാലും നീക്കാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാക്കുന്ന ശോഷണവും പാരിസ്ഥിതികപ്രശ്നവും കണക്കിലെടുത്ത് യഥാസമയം നീക്കുന്നതിന് എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചാട്ടൽ-ചുങ്കം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണ് നീക്കംചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly